# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4789** — **05-02-2014 ൽ മറുപടിയ്ക്ക്**

## നാമമാത്ര കർഷകർക്ക് സൗജന്യമായി വൈദ്യുതി നല്കുന്ന പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.സി.മോയിൻകുട്ടി<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നാമമാത്ര കർഷകർക്ക് സൗജന്യ വൈദ്യുതി നല്കുന്ന പദ്ധതിയുടെ ആനുകൂല്യം ഇപ്പോഴും കർഷകർക്ക് ലഭിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഈ പദ്ധതി പ്രകാരം കണക്ഷൻ നല്കുന്നതിനുള്ള മാനദണ്ഡവും പ്രതിമാസ വൈദ്യുതി ചാർജ് വൈദ്യുതി ബോർഡിൽ നല്കുന്നതിനുള്ള സംവിധാനവും എന്താണെന്ന് വിശദമാക്കുമോ; | (ബി) സംസ്ഥാനത്തെ കാർഷിക മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കിയ സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം 01-08-1995 മുതൽ നെൽകൃഷിയ്ക്ക് പൂർണ്ണമായി ഭൂപരിധിയില്ലാതെ വൈദ്യുതി സൗജന്യം അനുവദിച്ചിട്ടുണ്ട്. കൂടാതെ രണ്ടു ഹെക്ടർ വരെയുള്ള എല്ലാ കാർഷിക വിളകൾക്കും 01-04-1997 മുതൽ വൈദ്യുതി സൗജന്യം അനുവദിച്ചിട്ടുണ്ട്. വൈദ്യുതി സൗജന്യം ലഭിക്കുന്നതിനുള്ള അപേക്ഷ എപ്പോൾ വേണമെങ്കിലും കർഷകർക്ക് അതാത് കൃഷി ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്. അപേക്ഷയോടൊപ്പം വസ്തുവിന്റെ കരം അടച്ച രസീതിന്റെ പകർപ്പുകൂടി നൽകണം. അപേക്ഷ നൽകുന്ന കർഷകന് കൃഷിഭവൻ പരിധിയിൽ 30 സെന്റ് സ്ഥലത്ത് കൃഷി ഉണ്ടായിരിക്കണം. എന്നാൽ പച്ചക്കറി കൃഷിക്ക് 10 സെന്റും വെറ്റിലകൃഷിയ്ക്ക് 5 സെന്റും മതിയാകുന്നതാണ്. ഇതുകൂടാതെ ജലസ്രോതസ്സായ കിണർ, കുളം, പമ്പ് സെറ്റ്, പമ്പ് ഹൗസ് എന്നിവ സ്ഥാപിച്ചിട്ടുള്ള കർഷകനായിരിക്കണം. അപേക്ഷയിന്മേൽ കൃഷി ഓഫീസർ അന്വേഷണം നടത്തി അർഹമാണെന്ന് |

കണ്ടാൽ അപേക്ഷ തീയതി മുതൽ വൈദ്യുതി സൗജന്യം അനുവദിക്കുന്നു. കൃഷിക്കുള്ള സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം അർഹരായ കർഷകരുടെ വൈദ്യുതി ചാർജ്ജ് സംബന്ധിച്ച് കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസുകളിൽ നിന്ന് കൃഷിഭവനുകളിൽ ഇൻവോയ്സ് ലഭിക്കുന്ന മുറയ്ക്ക് കൃഷി വകുപ്പ് ഇതിനായി സർക്കാരിൽ നിന്നും അനുവദിക്കുന്ന തുകയിൽ നിന്നു ട്രഷറി ബിൽ മുഖേന പിൻവലിച്ച് വൈദ്യുതി വകുപ്പിന്റെ ബന്ധപ്പെട്ട സെക്ഷൻ ഓഫീസുകളിൽ അടയ്ക്കുന്ന സംവിധാനമാണ് നിലവിലുള്ളത്.

(ഡി) വൈദ്യുതി ചാർജ് നല്കുന്ന കാര്യത്തിൽ കുടിശ്ശികയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(ഡി) ഉണ്ട്.
2013-14 സാമ്പത്തിക വർഷത്തിൽ സൗജന്യ വൈദ്യുതി പദ്ധതിയ്ക്കായി 2981 ലക്ഷം രൂപയാണ് ബജറ്റ് വിഹിതമായി ലഭിച്ചത്. ഈ തുകക്ക് പുറമേ 2013-14 മാർച്ച് വരെ വിവിധ ജില്ലകളിലായി കണക്കാക്കിയിട്ടുള്ള കുടിശ്ശിക തുക താഴെപ്പറയും പ്രകാരമാണ്.

| ജില്ല | കുടിശ്ശിക തുക (ലക്ഷത്തിൽ |
|---|---|
| തിരുവനന്തപുരം | 10 |
| കൊല്ലം | 3.09 |
| പത്തനംതിട്ട | 0.54 |
| ആലപ്പുഴ | 63.5 |
| കോട്ടയം | ഇല്ല |
| ഇടുക്കി | ഇല്ല |
| എറണാകുളം | 104.12 |
| തൃശ്ശൂർ | 400 |
| പാലക്കാട് | ഇല്ല |
| മലപ്പുറം | 103.35 |
| കോഴിക്കോട് | 13.30 |
| വയനാട് | 12 |
| കണ്ണൂർ | ഇല്ല |
| കാസർഗോഡ് | 195 |
| ആകെ | **904.90** |

സെക്ഷൻ ഓഫീസർ